**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **22-01-2021 - ൽ മറുപടിയ്ക്ക്**

**കൈവല്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന കൈവല്യ പദ്ധതി മുഖേന ഭിന്നശേഷി വിഭാഗത്തിലുള്ള തൊഴിൽ രഹിതർക്ക് എന്തൊക്കെ പ്രയോജനങ്ങളാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങൾ അടങ്ങിയതാണ് പ്രസ്തുത പദ്ധതി. കൈവല്യ പദ്ധതി മുഖേന, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷി വിഭാഗക്കാർക്ക് ജീവനോപാധികൾ കണ്ടെത്തുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ചുയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന നാളിതുവരെ 3844 സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ നൽകിയിട്ടുണ്ട്. 30.09.2020-ലെ സ.ഉ.(കൈ) നം. 42/2020/തൊഴിൽ -ലൂടെ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിട്ട് ഒറ്റത്തവണ വ്യവസ്ഥയിൽ, അവശേഷിച്ചിരുന്ന 7449 അപേക്ഷകർക്ക് വായ്പ വിതരണം ചെയ്യുന്നതിനായി 37,24,50,000/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. തൊഴിൽ മാർഗ്ഗനിർദ്ദേശ ക്ലാസുകൾ മുഖേന ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് വിവിധ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുന്നതിനും നൈപുണ്യ പരിശീലന പരിശീലന ക്ലാസുകൾ വഴി നിരവധി ഭിന്നശേഷിക്കാരായ തൊഴിൽ രഹിതർക്ക് വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകരമായ രീതിയിൽ പരിശീലനങ്ങൾ നൽകുവാനും സാധിച്ചിട്ടുണ്ട്. കൈവല്യയുടെ ഘടകമായ സൗജന്യ മത്സരപരീക്ഷ പരിശീലന പരിപാടികളിൽ പങ്കെടുത്തവരിൽ 23 പേർക്ക് ഇതിനകം സർക്കാർ ജോലി ലഭിച്ചിട്ടുണ്ട്. കൈവല്യ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ചിരിക്കുന്ന മോഡൽ കൈവല്യ സെന്ററിൽ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ, അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷാ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രചരണം പൊതുജനങ്ങളിലെത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കൈവല്യ പദ്ധതിയുടെ പ്രചരണാർത്ഥം എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തെയും പ്രവർത്തനങ്ങൾ ഡോക്യുമെന്റഷൻ ചെയ്തു പ്രസിദ്ധീകരിക്കാറുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് വിതരണം ചെയ്യുന്നതിനായി വകുപ്പിലെ പദ്ധതികളുടെ ബ്രോഷറുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ. പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും സബ് റീജിയണൽ തലത്തിലും അതത് ടൗൺ/ജില്ലാതല എംപ്ലോയ്മെന്റ് ഓഫീസർമാർ വിവിധ തരത്തിലുള്ള ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ